**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1678** **08-10-2021 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി ഗവൺമെന്റ് പോളിടെക്‌നിക് കോളേജിന്റെ എ.ഐ.സി.റ്റി.ഇ അംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | എ.ഐ.സി.റ്റി.ഇ സർക്കാർ പോളിടെക്‌നിക് കോളേജ്, മഞ്ചേരിയിൽ മാനദണ്ഡമനുസരിച്ച് ആകെ എത്ര തസ്തികകളാണ് അനിവാര്യമായിട്ടുള്ളതെന്ന് അറിയിക്കുമോ; 23 എണ്ണം മാത്രമാണ് നിലവിലുള്ളത് എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ പോളിടെക്നിക്ക് കോളേജ് , മഞ്ചേരിയിൽ എ.എെ.സി.ടി.ഇ യുടെ 1:25 എന്ന അധ്യാപക -വിദ്യാർത്ഥി അനുപാത മാനദണ്ഡമനുസരിച്ച് ആകെ 23 അധ്യാപക തസ്തികകൾ ആവശ്യമാണ്. നിലവിൽ മാനദണ്ഡ പ്രകാരമുള്ള 19 ലക്ചറർ , 3 എച്ച് .ഒാ.ഡി ,ഒരു പ്രിൻസിപ്പാൾ എന്നിങ്ങനെ ആകെ 23 തസ്തികകൾ ടി സ്ഥാപനത്തിൽ അനുവദിച്ചിട്ടുണ്ട്. |
| (ബി) | എ.ഐ.സി.റ്റി.ഇ മാനദണ്ഡമനുസരിച്ച് മഞ്ചേരി ഗവ: പോളിടെക്നിക്ക് കോളേജിൽ ഇൻസ്ട്രുമെന്റേഷൻ എൻജിനീയറിംഗ് വിഭാഗത്തിൽ നിലവിലുണ്ടായിരുന്നതും ഉന്നതവിദ്യാഭ്യാസവകുപ്പിന്റെ GO(MS)No.297/2021/Hedn dtd. 12/7/21 പ്രകാരം റദ്ദാക്കിയതുമായ ഒരു ലക്ചറർ തസ്തിക അടിയന്തരമായി പുനസ്ഥാപിച്ചു നൽകുകയോ അല്ലെങ്കിൽ എ .ഐ .സി .ടി .ഇ മാനദണ്ഡമനുസരിച്ച് പുതുതായി ഒരു ലക്ചറർ തസ്തിക സൃഷ്ടിക്കുകയോ ചെയ്ത് എ .ഐ .സി .ടി .ഇ അംഗീകാരം നഷ്ടപ്പെടാതിരിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മഞ്ചേരി പോളിടെക്നിക്കിലെ ഇൻസ്ട്രുമെൻറേഷൻ എഞ്ചിനീയറിംഗിലെ 4 ലക്ചറർ , ഒരു ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ലക്ചറർ എന്നിങ്ങനെയുള്ള വിന്യാസമാണ് അനുവദിച്ചിട്ടുള്ളത്. ആയത് എ.എെ.സി.ടി.ഇ അംഗീകൃത 1:25 എന്ന അധ്യാപക -വിദ്യാർത്ഥി അനുപാത മാനദണ്ഡമനുസരിച്ചുള്ളതാണ്. മഞ്ചേരി സർക്കാർ പോളിടെക്നിക്കിൽ അദ്ധ്യാപക തസ്തികകളുടെ അപര്യാപ്തത കാരണം എ .ഐ .സി .ടി .ഇ അംഗീകാരം നഷ്ടപ്പെടുന്ന സാഹചര്യം നിലവിൽ ഇല്ല. |
| (സി) | മഞ്ചേരി ഗവ: പോളി ടെക്‌നിക് കോളേജിൽ ആവശ്യമായ അധ്യാപക-അനധ്യാപക തസ്തികകൾ അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (സി) | സർക്കാർ പോളിടെക്നിക്ക് കോളേജ് മഞ്ചേരിയിൽ വിവിധ ബ്രാഞ്ചുകളിൽ ലാബ് സ്റ്റാഫ് തസ്തികകൾ സൃഷ്ടിക്കേണ്ടതായുണ്ട്. നിലവിൽ താല്ക്കാലികാടിസ്ഥാനത്തിൽ ആണ് ടി തസ്തികകളിൽ നിയമനം അനുവദിച്ചിട്ടുള്ളത്. തസ്തികകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ഒന്നും തന്നെ സർക്കാരിൻെറ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ